രണ്ടാം റീച്ചായ പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള 6.5 കി.മീ. വരുന്ന ഭാഗത്ത് പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള 5.5 കിലോമീറ്ററിന്റെ സ്ഥലമെടുപ്പ് നടപടികൾക്കുവേണ്ട സർവ്വേ പൂർത്തിയാക്കി ഡ്രാഫ്റ്റ് ഡിക്ലറേഷൻ ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്. ബാക്കിവരുന്ന ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള ഒരു കി.മീ. ഭാഗത്ത് സ്ഥലമെടുപ്പിനായി 4(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇവിടെ സ്ഥലം ഏറ്റെടുക്കുന്നതിന് ഏകദേശം 300 കോടി രൂപ ചെലവുവരുമെന്ന് പ്രതീക്ഷിക്കുന്നു. ഈ ഭാഗത്തെ ഭൂമി ഏറ്റെടുക്കലിനും നിർമ്മാണ പ്രവർത്തനങ്ങൾക്കും ആവശ്യമായ തുക അടുത്തവർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. രണ്ടാംഘട്ടമായ വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള ഭാഗം നാലുവരിയായി വികസിപ്പിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്.

(15) അവയവദാന രംഗത്തെ നടപടിക്രമങ്ങൾ ലഘൂകരിക്കൽ

ശ്രീ. എം. ഉമ്മർ : സർ, അവയവദാന രംഗത്ത് നടപടിക്രമങ്ങളുടെ സങ്കീർണ്ണതയും എഥിക്കൽ കമ്മിറ്റി തീരുമാനമെടുക്കുന്നതിനുണ്ടാകുന്ന കാലതാമസവുംമൂലം എല്ലാ വിധത്തിലും അർഹതപ്പെട്ട കേസുകളിൽപ്പോലും യഥാസമയം അനുമതി ലഭിക്കാതെ രോഗികൾ മരണത്തിന് കീഴടങ്ങേണ്ടിവരുന്ന സ്ഥിതിവിശേഷം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ. പലപ്പോഴും ബന്ധുക്കളല്ലാത്ത അൺറിലേറ്റഡ് ഡോണർമാരെ സംബന്ധിച്ച് ശസ്ത്രക്രിയയ്ക്കുള്ള അനുമതി നേടിയെടുക്കുക എന്നുള്ളത് വളരെ സങ്കീർണ്ണമാണ്. 30 പേജോളം വരുന്ന അപേക്ഷാഫോറം അവയവദാതാവും രോഗിയും ചേർന്ന് പൂരിപ്പിക്കണം, ചികിത്സിക്കുന്ന ഡോക്ടറുടേയും ആശുപത്രി അധികൃതരുടേയും സാക്ഷിപത്രങ്ങൾ വേണം, അവയവ ദാതാവും സ്വീകർത്താവും ഒരുമിച്ച് നിയമ സമിതികൾക്കുമുമ്പിൽ ഹാജരാകണം, ദാതാവിന്റേയും സ്വീകർത്താവിന്റേയും സാമ്പത്തികനില തിട്ടപ്പെടുത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സർട്ടിഫിക്കറ്റ് ഹാജരാക്കണം, ജില്ലാ മജിസ്ട്രേറ്റിന്റെ അനുവാദം വാങ്ങണം. ഇത്രയും കടമ്പകൾ കടന്നാൽ മാത്രമേ അപേക്ഷകൾ എഥിക്കൽ കമ്മിറ്റിയുടെ പരിഗണനയിൽ എത്തുകയുള്ളൂ. രേഖ പരിശോധനയിൽ എന്തെങ്കിലും തെറ്റുകൾ കണ്ടാൽ വീണ്ടും അപേക്ഷ മടങ്ങുകയാണ് ചെയ്യുന്നത്. ഇതുമൂലമുണ്ടാകുന്ന ഒരുപാട് സങ്കീർണ്ണത കാരണം അർഹതപ്പെട്ട രോഗികൾക്കുപോലും ഇങ്ങനെയുള്ള അവയവദാനം നടക്കാതെ രോഗി മരണപ്പെടുന്ന സാഹചര്യം ഉണ്ടാവുകയാണ്. അവയവദാനത്തിലെ ക്രമക്കേട്, ധാർമ്മികത, അവയവ കച്ചവടം എന്നിവ നിയന്ത്രിക്കുന്ന എഥിക്കൽ കമ്മിറ്റി ഒന്നിടവിട്ട

LIBRARY ARCHIVES Kerala Legislative Assembly

മാസങ്ങളിൽ ചേരുകയും നിയമപ്രകാരം മുന്നിലെത്തുന്ന അപേക്ഷകൾ പഠിച്ച് ശസ്ത്രക്രിയയ്ക്ക് അനുമതി നൽകുകയുമാണ് ചെയ്യുന്നത്. അടിയന്തര ശസ്ത്രക്രിയയ്ക്ക് വിധിക്കപ്പെട്ട എല്ലാ വിധത്തിലും അർഹതപ്പെട്ട കേസുകളിൽപ്പോലും യഥാസമയം അനുമതി ലഭിക്കാതെ രോഗികൾ മരണത്തിനിടയാകുന്ന സാഹചര്യം പലപ്പോഴും ഉണ്ടാകാറുണ്ട്. കരൾ മാറ്റിവയ്ക്കൽ, കിഡ്നി മാറ്റിവയ്ക്കൽ എന്നിവയിലൊക്കെ പെട്ടെന്ന് നടപടിക്രമങ്ങൾ പൂർത്തീകരിക്കുകയാണെങ്കിൽ ഡോണറും സ്വീകർത്താവും തയ്യാറാണ്. നടപടിക്രമങ്ങളുടെ നൂലാമാലകൾ കാരണം ഇത് പൂർത്തീകരിക്കാതെ പോകുന്നു. വൈദ്യശാസ്ത്ര രംഗത്ത് നമ്മൾ വളരെ മുന്നോട്ടുപോയി. കിഡ്നി, കരൾ മുതലായവ മാറ്റിവയ്ക്കുന്നതിനുള്ള ധാരാളം നല്ല ആശുപത്രികൾ നമ്മുടെ സംസ്ഥാനത്തുണ്ട്. പക്ഷേ നടപടിക്രമങ്ങളുടെ സങ്കീർണ്ണത അവസാനിപ്പിച്ച് വളരെ വേഗത്തിലാക്കുന്നതിനായുള്ള നടപടിക്രമങ്ങൾ ഉണ്ടാകുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

1.00 PM]

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, മനുഷ്യാവയവങ്ങൾ മാറ്റിവയ്ക്കുന്നതിനായി ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയിട്ടുള്ള 1994-ലെ മനുഷ്യാവയവങ്ങളുടെ മാറ്റിവയ്ക്കൽ ആക്ടും 2011-ലെ മനുഷ്യാവയവങ്ങളുടെ ടിഷ്യൂസ് മാറ്റിവയ്ക്കുന്ന ഭേദഗതി ആക്ടും അനുശാസിക്കുന്ന പ്രകാരമാണ് സംസ്ഥാനത്ത് അവയവദാന പ്രക്രിയ നടത്തുന്നത്. പ്രസ്തുത നടപടിക്രമങ്ങളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറി ചെയർമാനായി സംസ്ഥാനതല ഓതറൈസേഷൻ കമ്മിറ്റിയും അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകൾ കേന്ദ്രീകരിച്ച് പ്രാദേശിക തലത്തിൽ ജില്ലാതല ഓർഗനൈസിംഗ് കമ്മിറ്റികളും പ്രവർത്തിക്കുന്നു. 1994-ലെ മനുഷ്യാവയവങ്ങൾ മാറ്റിവയ്ക്കൽ ആക്ടിലെ മുഖ്യ പരിഗണനാവിഷയമായ മനുഷ്യാവയവങ്ങളുടെ വ്യാപാരം തടയൽ ലക്ഷ്യമാക്കിയാണ് പ്രസ്തുത കമ്മിറ്റികൾ പ്രവർത്തിക്കുന്നത്. കൂടാതെ ദാതാവിന്റെയും സ്വീകർത്താവിന്റെയും ആരോഗ്യസ്ഥിതിയും അവയവം നൽകാനോ സ്വീകരിക്കാനോ ഉണ്ടായ പ്രധാന കാരണങ്ങളും പ്രസ്തുത സമിതി പരിശോധിക്കും. ഇത്തരത്തിലുള്ള പരിശോധനയിൽ ദാതാവിനെയും സ്വീകർത്താവിനെയും അവരുടെ ബന്ധുക്കളെയും നേരിൽ കണ്ടശേഷം അതിൽ കച്ചവടത്തിന്റെ യാതൊരു സാധ്യതകളും നിലനിൽക്കുന്നില്ലെന്ന് ബോധ്യപ്പെട്ടശേഷം മാത്രമാണ് ഓതറൈസേഷൻ കമ്മിറ്റി അവയവദാനത്തിന് അനുമതി നൽകുന്നത്. ഇതിനായി സ്വീകർത്താവിന്റെയും ദാതാവിന്റെയും ഐഡന്റിറ്റി സർട്ടിഫിക്കറ്റും നേറ്റിവിറ്റി

LIBRARY ARCHIVES Kerala Legislative Assembly

സർട്ടിഫിക്കറ്റും സ്ഥിരവാസ സർട്ടിഫിക്കറ്റും മറ്റ് അവശ്യ രേഖകളും പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുണ്ട്. കൂടാതെ ദാതാവ് പ്രതിഫലേച്ഛ കൂടാതെയാണ് അവയവ ദാനം നടത്തുന്നതെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നതാണ്. അവയവ മാറ്റ ശസ്ത്രക്രിയയ്ക്കായി ബന്ധപ്പെട്ട ആശുപത്രികളിൽ രജിസ്റ്റർ ചെയ്തശേഷം അവിടെ പരിശോധനകൾക്ക് എടുക്കുന്ന കാലതാമസം കൂടാതെ ഓതറൈസേഷൻ കമ്മിറ്റി മുമ്പാകെ ഉണ്ടാകാവുന്ന കാലതാമസം ഒഴിവാക്കാനാണ് മേഖലാ തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത്. അടുത്ത ബന്ധുക്കളല്ലാത്തവർ തമ്മിലുള്ള അവയവദാനം മാത്രമാണ് ഈ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരുന്നത്. ഇതുസംബന്ധിച്ച് നിയമങ്ങളിൽ ഇളവുവരുത്തുന്നതിനുള്ള അധികാരം പ്രസ്തുത നിയമം പാസ്സാക്കിയ പാർലമെന്റിൽ മാത്രം നിക്ഷിപ്തമാണ്. കേരളത്തിലെ അവയവദാന രംഗത്തെ നടപടിക്രമങ്ങൾ സുതാര്യവും അഴിമതിരഹിതവും കച്ചവട താൽപ്പര്യങ്ങൾക്ക് അതീതവുമായി നിലനിർത്തുന്നതിനുവേണ്ടിയാണ് പ്രസ്തുത കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത്. ഇത്തരത്തിൽ ഈ മേഖലയിലെ സുതാര്യതയും കച്ചവടരാഹിത്യവും ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഓതറൈസേഷൻ കമ്മിറ്റികൾ അത്യന്താപേക്ഷിതമാണ്. ജില്ലാതല കമ്മിറ്റിയുടെ തീരുമാനം അനുകൂലമല്ലെങ്കിൽ സംസ്ഥാനതല കമ്മിറ്റിയിൽ അപ്പീൽ നൽകാൻ നിയമത്തിൽ വ്യവസ്ഥയുണ്ട്. അവയവദാനത്തിനുള്ള അപേക്ഷകൾ ലഭിച്ചാൽ അടിയന്തരമായിത്തന്നെ ഓതറൈസേഷൻ കമ്മിറ്റികൾകൂടി തീരുമാനമെടുക്കാനുള്ള നിർദ്ദേശം ഗവൺമെന്റ് നൽകിയിട്ടുണ്ട്.

V. പ്രമേയം

മി. ഡെപ്യൂട്ടി സ്പീക്കർ : ഇന്ന് രാവിലെ നിയമസഭ സമ്മേളിച്ചു കൊണ്ടിരുന്നപ്പോൾ ഗ്യാലറിയിൽ ഉണ്ടായ സംഭവത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പ്രമേയം അവതരിപ്പിക്കുന്നതാണ്.

സ്പീക്കേഴ്സ് ഗ്യാലറിയിൽ ബഹളം ഉണ്ടാക്കിയത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഇന്ന് നിയമസഭയിൽ ചോദ്യോത്തര വേള നടന്നുകൊണ്ടിരുന്ന സമയത്ത് ശ്രീ. കെ. സതീശൻ എന്നയാൾ സ്പീക്കേഴ്സ് ഗ്യാലറിയിൽനിന്ന് മുദ്രാവാക്യം വിളിക്കുകയും സഭാനടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തു. പ്രസ്തുത വ്യക്തിയെ വാച്ച് ആന്റ് വാർഡ് ഉടൻതന്നെ കസ്റ്റഡിയിലെടുക്കുകയുണ്ടായി. കക്ഷിനേതാക്കന്മാരുടെ യോഗം ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ അദ്ധ്യക്ഷതയിൽ ചേരുകയും ഇക്കാര്യത്തിൽ കൈക്കൊള്ളേണ്ട നടപടി സംബന്ധിച്ച് ചർച്ച ചെയ്യുകയുമുണ്ടായി. ശ്രീ. കെ. സതീശന്റെ പ്രവൃത്തി സഭയുടെ പ്രത്യേക അവകാശങ്ങളുടെ ലംഘനമാണെന്ന് യോഗം അഭിപ്രായപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly